**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 621** **02-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വ്യവസായങ്ങൾ രജിസ്റ്റർ ചെയ്യേണ്ടത് ഏത് പോർട്ടൽ വഴിയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. പ്രസ്തുത പോർട്ടൽ വഴിയാണ് സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുന്നത് |
| (ബി) | 2022 ജനുവരിക്ക് മുൻപ് ആരംഭിച്ച എത്ര സംരംഭങ്ങൾ മേൽ പറഞ്ഞ പോർട്ടലിൽ പുതുതായി രജിസ്റ്റർ ചെയ്തു എന്ന കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | 2022 ജനുവരിക്ക് മുൻപ് ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങൾ മേൽ പറഞ്ഞ പോർട്ടലിൽ ശേഖരിക്കുന്നില്ല . ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയാണ് എന്നതിനാൽ 2022 ഏപ്രിൽ 1 മുതൽ ആരംഭിച്ച സംരംഭങ്ങളുടെ വിവരങ്ങൾ ആണ് പ്രസ്തുത പോർട്ടലിൽ ലഭ്യമായിട്ടുള്ളത്. |
| (സി) | 2022 ജനുവരിക്ക് ശേഷം ആരംഭിച്ച എത്ര സംരംഭങ്ങൾ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്തു എന്ന വിവരം ലഭ്യമാക്കാമോ? | (സി) | 2022 ഏപ്രിൽ 1 മുതൽ 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം 127214 സംരംഭങ്ങൾ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ